കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# ചൊക്ലി ഗ്രാമ പഞ്ചായത്ത്
# ഓഡിറ്റ് റിപ്പോർട്ട് 2017 - 18

# ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ

e-mail: doknr.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെഎസ്എ/കെഎൻആർ/സി.9/1598/2018.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ,

ഇ-മെയിൽ: doknr.ksad@kerala.gov.in
ഫോൺ: 0497 - 2707698
തീയതി: 05.11.2018.

ഡെപ്യൂട്ടി ഡയറക്ടർ.

പ്രസിഡന്റ് (സെക്രട്ടറി മുഖേന),

ചൊക്ലി ഗ്രാമപഞ്ചായത്ത്.

സർ,

വിഷയം: ചൊക്ലി ഗ്രാമപഞ്ചായത്ത് - 2017-18 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്.

*******

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ചൊക്ലി ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2 , ഭാഗം 3എന്നിവയിലെ ഖണ്ഡികകളിലേക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1), 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2) എന്നിവ കാണുക).

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ.

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഇ-മെയിൽ)

2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ കണ്ണൂർ ജില്ല ( ഉപരിപത്രം സഹിതം)

3) കാര്യാലയ പ്രതി.

നം.കെഎസ്എ/കെഎൻആർ/സി.9/1598/2018.

തീയ്യതി: 05.11.2018.

# കണ്ണൂർ ജില്ലയിലെ ചൊക്ലി ഗ്രാമ പഞ്ചായത്തിന്റെ 2017-18 വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

*(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം - വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്).*

ചൊക്ലി ഗ്രാമ പഞ്ചായത്ത് 16.08.2017 മുതൽ 15.07.2018 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുമുള്ള പണം പിൻവലിക്കലുകൾ എന്നിവ പരിശോധിക്കുകയുണ്ടായി. ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 11 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 9 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റ് നടത്തുവാൻ ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേര് | ശ്രീ.ബി.സന്തോഷ്,<br>ഡെപ്യൂട്ടി ഡയറക്ടർ. |

| ഓഡിറ്റിന് വിനിയോഗിച്ച സമയം | ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥരുടെ പേര് | തസ്തിക |
|---|---|---|
| 16.07.2018 മുതൽ 27.07.2018 വരെ | ശ്രീമതി.ലതവാണി.എൻ.എൻ | ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ) |
| | ശ്രീമതി.ഉഷ. എ | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീ.ആൽബർട്ട് ജോസ് | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീമതി.ശ്രീജ.കെ | ഓഡിറ്റർ |

നിർവ്വഹണാധികാരികളുടെ പേര് & കാലയളവ്

| | | |
|---|---|---|
| പ്രസിഡണ്ട് | ശ്രീ.വി.കെ.രാഗേഷ് | 01.04.2017 മുതൽ 31.03.2018 വരെ |

| | | |
|---|---|---|
| സെക്രട്ടറി | ശ്രീ.ശശി എം | 01.04.2017 മുതൽ 25.04.2017 വരെ |
| | ശ്രീ.സൂര്യകാന്ത്.കെ.കെ | 26.04.2017 മുതൽ 31.03.2018 വരെ |

മറ്റ് നിർവ്വഹണോദ്യോഗസ്ഥരുടെ പേര് & കാലയളവ്

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| കൃഷി ഓഫീസർ | ശ്രീമതി.അപർണ്ണ.എസ് | 01.04.2017 മുതൽ 29.10.2017 വരെ |
| | അശ്വതി വിജയൻ | 30.10.2017 മുതൽ 31.03.2018 വരെ |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ -നിടുമ്പ്രം | ശ്രീ. റജി തുണോളി | 01.04.2017 മുതൽ 19.10.2017 വരെ |
| | ശ്രീ.ബിജീഷ്.എൻ.കെ | 20.10.2017 മുതൽ 31.03.2018 വരെ |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ -ഒളവിലം | ശ്രീ. ശ്രീജേഷ്. ടി | 01.04.2017 മുതൽ 19.10.2017 വരെ |
| | ശ്രീ.ജസീർ.കെ.പി | 20.10.2017 മുതൽ 31.03.2018 വരെ |
| വെറ്ററിനറി സർജ്ജൻ | ഡോ.കെ.ചന്ദ്രശേഖരൻ നായർ | 01.04.2017 മുതൽ 31.03.2018 വരെ |
| മെഡിക്കൽ ഓഫീസർ പി.എച്ച്.സി. | ഡോ. അമൃത കല | 01.04.2017 മുതൽ 31.07.2017 വരെ |

| | | |
|---|---|---|
| | | 09.03.2018 AN മുതൽ 31.03. 2018 വരെ |
| | ഡോ. ബിജോയ്.സി.പി | 01.08.2017 മുതൽ 09.03.2018 FN വരെ |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ. ഗീത | 01.04.2017 മുതൽ 24.08.2017 വരെ |
| | ഡോ. ഷീജ | 25.08.2017 മുതൽ 31.03.2018 വരെ |
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ.കെ.കെ.സൂര്യകാന്ത് | 01.04.2017 മുതൽ 25.04.2017വരെ |
| | (ഒഴിവ്) | 26.04.2017 മുതൽ 31.07.2017 വരെ |
| | ശ്രീമതി.പ്രേമലത.കെ | 01.08.2017 മുതൽ 31.03.2018 വരെ |
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീ.ഷാരോൺ.ഡബ്ല്യ.ജി. | 01.04.2017 മുതൽ 14.06.2017 വരെ |
| | ശ്രീ.ജനാർദ്ദനൻ നായർ.എസ് | 15.06.2017 മുതൽ 31.03.2018 വരെ |
| ഐ സി ഡി എസ് സൂപ്പർവൈസർ | ശ്രീമതി. റോസ് മേരി ഡികോസ്റ്റ | 01.04.2017 മുതൽ 31.03.2018 വരെ |

ഉള്ളടക്കം

| | ഭാഗം 1- പൊതു അവലോകനം | |
|---|---|---|
| ക്രമ നം. | ഇനം | ഖണ്ഡിക നമ്പർ |

| | | |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം. | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം. | 1-6 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-7 |
| 8 | ക്ഷേമപദ്ധതികൾ | 1-8 |
| 9 | ക്യാഷ് പരിശോധന | 1-9 |
| 10 | ആഭ്യന്തര നിയന്ത്രണം | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| 12 | വാർഷിക കണക്കിലെ അപാകങ്ങൾ | 1-12 |
| 13 | പദ്ധതി ആസൂത്രണ നിർവ്വഹണ നടപടികൾ | 1-13 |
| | ഭാഗം-II-വരവ് കണക്കുകളിലെ ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 14 | ഡി & ഒ ലൈസൻസ് - ഭേദഗതി ചട്ടപ്രകാരമുള്ള ലൈസൻസ് ഫീ ഈടാക്കാൻ നടപടി സ്വീകരിച്ചിട്ടില്ല. | 2-1 |
| 15 | ഡി & ഒ ലൈസൻസ് യഥാസമയം പുതുക്കാത്തവരിൽ നിന്നും പിഴ ഈടാക്കുന്നില്ല. | 2-2 |
| | ഭാഗം-III-ചെലവ് കണക്കുകളിലെ ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 16 | തുക മുൻ കൂർ നൽകി - നാളിതുവരെയും മരുന്ന് ലഭ്യമായില്ല | 3-1 |
| 17 | പ്ലാസ്റ്റിക് ക്യാരി ബാഗ് ശേഖരിക്കലും റീസൈക്ലിക് യൂണിറ്റിൽ എത്തിക്കലും-പദ്ധതി നടപ്പിലാക്കിയിട്ടില്ല | 3-2 |

| | | |
|---|---|---|
| 18 | ഖരമാലിന്യ ശേഖരണവും നിർമ്മാർജ്ജനവും സംവിധാനവും ഒരുക്കൽ- പൂർത്തിയാകാത്തത് | 3-3 |
| 19 | ഇരുചക്ര വാഹനം വാങ്ങുന്നതിന് ധനസഹായം (എസ്.സി) - സബ്സിഡി നിരക്ക് ലംഘിച്ചത് ₹ 24,104നിരാകരിക്കുന്നു | 3-4 |
| 20 | കുറഞ്ഞ നിരക്കിലുള്ള ക്വട്ടേഷൻ സ്വീകരിക്കാത്തത് ₹3197 നിരാകരിക്കുന്നു. | 3-5 |
| 21 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് – അപാകങ്ങൾ | 3-6 |
| 22 | പതിമൂന്നാം പദ്ധതി സബ്സിഡി മാർഗ്ഗരേഖ നിർദ്ദേശങ്ങൾ പാലിക്കാത്തത് | 3-7 |
| 23 | വനിതാ സ്വയം സംരംഭ പദ്ധതികൾ നടപ്പിലാക്കാത്തത് | 3-8 |
| 24 | അങ്കണവാടികളുടെ പ്രവർത്തനം | 3-9 |
| 25 | ഗുണഭോക്തൃ തെരഞ്ഞെടുപ്പ് - മുൻഗണന മാനദണ്ഡങ്ങൾ പാലിച്ചിട്ടുണ്ടോയെന്ന് വ്യക്തമല്ല. | 3-10 |
| | ഭാഗം -IV-ഓഡിറ്റ് പ്രത്യവലോകനം | |
| 26 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 27 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 28 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 29 | വായ്പ/വായ്പ തിരിച്ചടവ് | 4-4 |
| 30 | സ്ഥിര നിക്ഷേപങ്ങൾ | 4-5 |
| 31 | ഓഡിറ്റ് റിക്കവറി | 4-6 |
| 32 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടുകളിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 33 | സർചാർജ് നടപടി വഴി ഈടാക്കിയ തുക | 4-8 |

| | | |
|---|---|---|
| 34 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 35 | തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം | 4-10 |
| 36 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | അനുബന്ധം-1 |
| 37 | റസീറ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | അനുബന്ധം-2 |
| 38 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | അനുബന്ധം-3 |
| 39 | ബാലൻസ് ഷീറ്റ് | അനുബന്ധം-4 |


# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2017-18 വർഷത്തെ ബജറ്റ് 29.03.2017 തീയതിയിലെ 40/17 തീരുമാന പ്രകാരം അംഗീകരിച്ചു. പുതുക്കിയ ബജറ്റ് 26.03.2018 തീയതിയിലെ 42/18 തീരുമാന പ്രകാരം അംഗീകരിച്ചിട്ടുണ്ട്. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ബജറ്റ് | | പുതുക്കിയ ബജറ്റ് |
|---|---|---|
| മുന്നിരിപ്പ് | 31243604 | 31917804 |
| വരവ് | 131361122 | 136322634 |
| ആകെ | 162604726 | 168240438 |
| ചെലവ് | 156778845 | 139877029 |
| നീക്കിയിരിപ്പ് | 5825881 | 28363409 |

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ-214 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള ബഡ്ജറ്റ് മാന്വൽ എന്നിവ പ്രകാരം ബജറ്റ് തയ്യാറാക്കുമ്പോൾ ചുവടെ ചേർക്കുന്ന കാര്യങ്ങൾ ശ്രദ്ധിക്കേണ്ടതാണ്.

(1) ഡിസംബർ അവസാനം വാരം ഉദ്യോഗസ്ഥരുടെ പക്കൽ നിന്നും (ഘടക സ്ഥാപനങ്ങളിലെ ഓഫീസ് തലവന്മാരിൽ നിന്നും) തന്നാണ്ടു വർഷത്തെ റിവൈസ്ഡ് ബജറ്റിനുള്ള പ്രൊപ്പോസലുകളും ബജറ്റ് വർഷത്തേക്കുള്ള പ്രൊപ്പോസലുകളും സെക്രട്ടറി ആവശ്യപ്പെടേണ്ടതാണ്.

(2) സെക്രട്ടറി ഉൾപ്പെടെയുള്ള ഉദ്യോഗസ്ഥരിൽ നിന്നും ലഭിച്ച നിർദ്ദേശങ്ങൾ ജനുവരി മാസം ആദ്യ വാരത്തിൽ ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റികളിൽ ചർച്ച ചെയ്ത് തീരുമാനിക്കണം. ജനുവരി 15-നകം സ്റ്റാന്റിംഗ് കമ്മിറ്റികളുടെ നിർദ്ദേശങ്ങൾ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് ലഭിക്കണം.
(3) ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഈ നിർദ്ദേശങ്ങൾ ചർച്ച ചെയ്ത് വരുമാന സ്രോതസ്സുകളുടെ അടിസ്ഥാനത്തിൽ കരട് ബജറ്റ് തയ്യാറാക്കുകയും ആവശ്യമെങ്കിൽ മറ്റ് സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻമാരെയും ഉദ്യോഗസ്ഥരെയും ക്ഷണിക്കേണ്ടതുണ്ട്.

എന്നാൽ ചൊക്ലി ഗ്രാമപഞ്ചായത്തിൽ മേൽ കാര്യങ്ങളിൽ പറഞ്ഞത് പ്രകാരമല്ല ബജറ്റ് പാസ്സാക്കിയിരിക്കുന്നത്.9/2/2017 നാണ് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ബജറ്റ് തയ്യാറാക്കുന്നതിനായി വരവു ചെലവു കണക്കുകളുടെ എസ്റ്റിമേറ്റ് നിർവ്വഹണ ഉദ്യോഗസ്ഥരിൽ നിന്നും ലഭ്യമാക്കി ക്രോഡീകരിച്ച് സമർപ്പിക്കുന്നതിന് മറ്റ് സ്റ്റാന്റിംഗ് കമ്മിറ്റികളോട് ആവശ്യപ്പെടുന്നതിനായി തീരുമാനിച്ചത് . ബജറ്റ് പാസ്സാക്കുന്നതിന് മുമ്പായി ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി റവന്യൂ ചെലവുകൾക്കായി സെക്രട്ടറി ഉൾപ്പെടെയുള്ള ഉദ്യോഗസ്ഥരിൽ നിന്നും നിർദ്ദേശങ്ങൾ ആവശ്യപ്പെടുകയോ വിവിധ ഘടകസ്ഥാപനങ്ങളിലെ വരവ്-ചെലവ് സംബന്ധിച്ച സംക്ഷിപ്തം തയ്യാറാക്കുകയോ ചെയ്തതായി കാണുന്നില്ല.

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2018 | 03.05.2018 | തിരിച്ചയച്ചിട്ടില്ല | |

## 1-3 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2017-18 | 20.06.2018 & 21.06.2018 | KSA/KNR/C9/1329/2018<br>13.07.2018. |

1. വസ്തുനികുതി തൻവർഷ ഡിമാൻന്റ് കലക്ഷൻ ബാലൻസ് എന്നിവ സഞ്ചയ പ്രകാരവും സാംഖ്യ പ്രകാരവും (വാർഷിക ധനകാര്യപത്രിക ) താഴെപ്പറയും പ്രകാരം വ്യത്യാസപ്പെട്ടിരിക്കുന്നു.

| | സാംഖ്യ പ്രകാരം | സഞ്ചയ പ്രകാരം | വ്യത്യാസം |
|---|---|---|---|
| തൻവർഷ വരവ് | 3024722 | 3033141 | 8419 |
| കുടിശ്ശിക വരവ് | 335320 | 334000 | 1320 |
| കുടിശ്ശിക ഡിമാന്റ് | 677934 | 488529 | 191405 |

2. ഡെപ്പോസിറ്റ് രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കാത്തതിനാൽ ഡെപ്പോസിറ്റ് ഇനത്തിലെ വരവ്, ചെലവ്, നീക്കിയിരിപ്പ് എന്നിവയുടെ കൃത്യത പരിശോധിക്കുന്നതിനായിട്ടില്ല.

3. വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ പ്രധാനപ്പെട്ട അക്കൗണ്ടിങ്ങ് നയങ്ങളെക്കുറിച്ചുള്ള കുറിപ്പുകൾ എന്നിവ ഉൾപ്പെടുത്തിയിട്ടില്ല.

4. ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല.

5. വാർഷിക സ്റ്റോക്ക് പരിശോധനാ റിപ്പോർട്ട് തയ്യാറാക്കിയിട്ടില്ല.

6. അഡ്വാൻസ് രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല.

7. ഡി & ഒ ലൈസൻസ് ഫീ ഇനത്തിൽ മുൻകൂറായി പിരിച്ചെടുത്ത തുകയായ ₹57625 (B-9 ഷെഡ്യൂൾ 16-17) യിൽ തൻവർഷം ₹45150 ക്രമീകരിച്ചതിന് ശേഷമുള്ള ₹12475 യുടെ വിശദ വിവരം ലഭ്യമല്ല.

8. തൊഴിൽ നികുതിയിനത്തിൽ മുൻകൂറായി പിരിച്ചെടുത്ത ₹8170 യിൽ തൻവർഷം ₹3220 ക്രമീകരിച്ചതിന് ശേഷമുള്ള ₹4950 യുടെ വിശദവിവരം ലഭ്യമല്ല.

9. B-12 ഷെഡ്യൂൾ പ്രകാരം ഷെയർ ഇനത്തിലുള്ള സ്ഥിര നിക്ഷേപം ₹24000 യാണ്. എന്നാൽ ഇൻവെസ്റ്റ് മെന്റ് രജിസ്റ്റർ പ്രകാരം ₹20000 മാത്രമേയുള്ളൂ. ₹4000 സംബന്ധിച്ച വിവരങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

10. B-18 ഷെഡ്യൂളിൽ Advance to Implementing Officers എന്നയിനത്തിൽ ₹413414 യാണുള്ളത്. ഇതിൽ ₹52904 തൻവർഷം മെഡിക്കൽ ഓഫീസർക്ക് മുൻകൂർ നല്കിയതാണ്. ബാക്കി ₹360510 യുടെ വിശദ വിവരം ലഭ്യമല്ല.

## 1-4 സാമ്പത്തിക വിശകലനം(റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 2,47,34,462 |
| വരവ് | 4,59,54,554 |
| ആകെ | 7,06,89,016 |
| ചെലവ് | 6,56,07,640 |
| നീക്കിയിരിപ്പ് | 50,81,376 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി/ ലാപ്സായ തുക |
|---|---|---|---|---|---|
| വികസന ഫണ്ട്- ജനറൽ (ACR പ്രകാരം) | - | 1,16,97,000 | 1,16,97,000 | 1,16,97,000 | |

| | | | | | | |
|---|---|---|---|---|---|---|
| | | | | | | |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | | | 10,93,332 | 10,93,332 | 10,93,332 | |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | | | 56,10,000 | 56,10,000 | 3951219 | 1658781 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | | | 29,50,000 | 29,50,000 | 24,25,344 | 524656 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | | | 54,94,104 | 54,94,104 | 54,94,104 | 0 |
| കെ.എൽ.എസ്. ജി.ഡി.പി (ACR പ്രകാരം) | | | 15,83,399 | 15,83,399 | 15,65,048 | 18,351 |
| സാക്ഷരത | | 104013.14 | 19339 | 123352.14 | 112018 | 11334 |
| ദുരിതാശ്വാസനിധി | | 29683 | 1200 | 30,883 | - | 30,883 |
| എം.ജി.എൻ. ആർ.ഇ.ജി.എസ് | തൊഴിലാളികളുടെ കൂലി | - | 81,61,285 | 81,61,285 | 81,61,285 | 0 |
| | അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 1206.35 | 558,208 | 5,59,414 | 557121 | 2293.35 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ | | 893500 | 1120080 | 2013580 | 1002580 | 1011000 |
| ബി ഫണ്ട് | | -- | 43298800 | 43298800 | 43298800 | -- |
| സംസ്ഥാന സർക്കാർ ഗ്രാന്റ് | | 458723.14 | 491602 | 950325.14 | 374114. | 576211.14 |

| | | | | | | |
|---|---|---|---|---|---|---|
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് | ബ്ലോക്ക് പഞ്ചായത്ത് | 20429 | 4,86,000 | 506429 | 4,86,000 | 20429 |
| ജനറൽ പർപ്പസ് ഗ്രാന്റ് | | | 95,33,000 | 95,33,000 | 52,24,375 | |
| തനത് ഫണ്ട് | ബാങ്ക് അക്കൗണ്ട് | 53,95,657.5 | 55,97,643.00 | 1,09,93,300.5 | 76,43,919 | 33,49,381.50 |
| | ട്രഷറി അക്കൗണ്ട് | 189,63,749 | 1,06,80,663 | 2,96,44,412 | 2,79,91,779 | 16,52,633 |
| ഗുണഭോക്തൃ വിഹിതം | | 884 | 5,89,708 | 5,90,592 | 5,89,707 | 885 |

ജനറൽ പർപ്പസ് ഗ്രാന്റ് അക്കൗണ്ടിന് മാത്രമായി അപ്രോപ്രേഷ്യൻ കൺട്രോൾ രജിസ്റ്റർ സൂക്ഷിക്കാത്തതിനാൽ ഇതിന്റെ മുന്നിരിപ്പ്, ചെലവ്, നീക്കിയിരിപ്പ് ലഭ്യമല്ല.

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 158 | 5,87,18,243 | 107 | 2,99,98,245 | 9 | 42 | 67.72 |

| നിർവ്വഹണ ഉദ്യോഗസ്ഥൻ | ആകെ അടങ്കൽ | ഏറ്റെടുത്ത പ്രോജക്ടുകളുടെ എണ്ണം | ചെലവഴിച്ച തുക | നടപ്പിലാക്കിയ പ്രോജക്ടുകളുടെ എണ്ണം | പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|
| സെക്രട്ടറി | 18211006 | 32 | 3544167 | 17 | 19 |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ- നിടുംബ്രം | 1768000 | 8 | 1420582 | 7 | 80 |
| വില്ലേജ് എക്സ്റ്റൻഷൻ | 5,80,000 | 4 | 556857 | 4 | 96 |

| | | | | | |
|---|---|---|---|---|---|
| ഓഫീസർ- ഒളവിലം | | | | | |
| അസിസ്റ്റന്റ് എഞ്ചിനിയർ | 24460087 | 59 | 12623948 | 37 | 52 |
| കൃഷി ഓഫീസർ | 2836245 | 16 | 2790250 | 15 | 98 |
| വെറ്ററിനറി സർജ്ജൻ | 3004250 | 10 | 1915928 | 10 | 64 |
| മെഡിക്കൽ ഓഫീസർ -പി എച്ച് സി | 2117406 | 8 | 2098701 | 8 | 99 |
| മെഡിക്കൽ ഓഫീസർ- ഹോമിയോ | 251000 | 4 | 250600 | 4 | 99 . 84 |
| ഐസി ഡി എസ് സൂപ്പർവൈസർ | 4557499 | 6 | 4021062 | 6 | 88 |
| അസിസ്റ്റന്റ് സെക്രട്ടറി | 932750 | 11 | 776150 | 8 | 83 |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ

1) കാട്ടിൽ പറമ്പത്ത് കുടിവെള്ള പദ്ധതിക്ക് കിണർ

2) കരനെൽ കൃഷി

## 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 1206. 35 | 5,58,508 | 5 ,59,414 | 5,57,121, | 2293.35 |

| | | | | | |
|---|---|---|---|---|---|
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | | 81,61,285 | 81,61,285 | 81,61,285 | |
| | 1206. 35 | 87,19,793 | 87,20,699 | 87,18,406 | 2293.35 |

## 1-8 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 22,800 | 46 |
| കർഷകതൊഴിലാളി പെൻഷൻ | 23,31,200 | 206 |
| വിധവാപെൻഷൻ | 98,10,000 | 846 |
| വാർദ്ധക്യകാലപെൻഷൻ | 26313000 | 2057 |
| വികലാംഗപെൻഷൻ | 31,29,800 | 305 |
| അവിവാഹിത പെൻഷൻ | 13,32,000 | 161 |
| വിധവകളുടെ പെണ്മക്കളുടെ വിവാഹധനസഹായം | 3,60,000 | 12 |

## 1-9 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 21.7.2018-ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 3,674/- രൂപ ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തര നിയന്ത്രണം

പൊതു ചുമതലകളുടെ നടത്തിപ്പിനൊപ്പം പദ്ധതി നിർവ്വഹണ പ്രവർത്തനങ്ങൾ ചിട്ടയായും കാര്യക്ഷമമായും നിർവ്വഹിക്കേണ്ടത് തദ്ദേശ സ്വയംഭരണസ്ഥാപന ഓഫീസിന്റെ ചുമതലയാണ്. ഓഫീസിലെ മുഴുവൻ ജീവനക്കാർക്കും ഇതിന്റെ ഉത്തരവാദിത്തമുണ്ട്. 2017-18-ൽ കൃത്യമായി ഓഫീസ് മീറ്റിംഗ് ചേർന്നിട്ടുണ്ട്. ഓഫീസ് ഓർഡർ ബുക്കിൽ കൃത്യമായ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ട്. ഇൻകുംബെൻസി മാസ്റ്റർ രജിസ്റ്റർ പൂർണ്ണ വിവരങ്ങൾ രേഖപ്പെടുത്തി തയ്യാറാക്കേണ്ടതാണ്. നിർവ്വഹണ ഉദ്യോഗസ്ഥന്മാരുടെ പ്രതിമാസ യോഗങ്ങൾ ചേർന്നിട്ടുണ്ട് .

ബിൽഡിംഗ് പെർമിറ്റ് രജിസ്റ്റർ, വസ്തു നികുതി ഡിമാന്റ്, തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ, ഡി & ഒ രജിസ്റ്റർ, വാപാരികളുടെ പട്ടിക എന്നിവ കൃത്യമായി എഴുതി സൂക്ഷിച്ചിട്ടുണ്ട്. സ്യൂട്ട് രജിസ്റ്റർ വിവരാവകാശ രജിസ്റ്റർ എന്നിവ സൂക്ഷിക്കുന്നുണ്ട്. ഫ്രണ്ട് ഓഫീസ് ഡയറി എഴുതി

സൂക്ഷിച്ചിട്ടില്ല.

ജീവനക്കാർ തൻപതിവേട് രജിസ്റ്റർ എഴുതുന്നെണ്ടങ്കിലും, ഫയൽ മേലുദ്യോഗസ്ഥന് സമർപ്പിച്ചതിന്റെയോ തീർപ്പാക്കിയതിന്റെയോ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. സെക്ഷനുകളിൽ സ്വീകരിച്ച ഫയലുകളുടെ വിവരങ്ങൾ മാത്രമാണ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിരിക്കുന്നത്. തൻപതിവേട് രജിസ്റ്റർ മേലുദ്യോഗസ്ഥന് സമർപ്പിക്കകയോ മേലുദ്യോഗസ്ഥൻ പരിശോധിക്കുകയോ ചെയ്യുന്നില്ല. ആയതിനാൽ എത്ര ഫയൽ ലഭിച്ചെന്നോ എത്ര ഫയൽ തീർപ്പാക്കിയെന്നോ നിർണയിക്കാൻ കഴിയില്ല. റണ്ണിംഗ് നോട്ട് സൂക്ഷിക്കുന്നില്ല. ആദ്യം അപേക്ഷിച്ചവർക്കു തന്നെ ആദ്യം സേവനം നൽകുന്നു എന്ന് ഉറപ്പു വരുത്തുന്നതിന് പഞ്ചായത്തിന് കഴിയാതെ വരുന്നു.

രജിസ്റ്ററുകളും രേഖകളും ശരിയായി എഴുതിസൂക്ഷിക്കുകയും മേലുദ്യോഗസ്ഥരും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും മേൽനോട്ട ചുമതലകൾ നിർവ്വഹിക്കുയും ചെയ്താലേ ഗ്രാമപഞ്ചായത്തിന്റെ സുതാര്യവും സുഗമവുമായ നടത്തിപ്പ് സാദ്ധ്യമാകുകയുള്ളൂ.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 26.06.2018 | മെയ് 2018 | 27.06.2018 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 21.11.2014 | 2009-10 to 2013-14 | 15.01.2015 |

## 1-12 മോണിറ്ററിംഗ് സംവിധാനം ഫലപ്രദമല്ല

പദ്ധതികളുടെ മോണിറ്ററിംഗ് നടത്തേണ്ടത് അതത് വർക്കിംഗ് ഗ്രൂപ്പുകളാണ്. വർക്കിംഗ് ഗ്രൂപ്പുകളാണ് മോണിറ്ററിംഗ് സമിതികളായി പ്രവർത്തിക്കേണ്ടത്.മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവ്വഹണ ഉദ്യോഗസ്ഥർക്കും ഭരണ സമിതിക്കും നൽകേണ്ടത് വർക്കിംഗ് ഗ്രൂപ്പുകളുടെ ചുമതലയാണ്.

എന്നാൽ 2017-18 വർഷംമോണിറ്ററിംഗ് ഫലപ്രദമായി നടന്നിട്ടില്ലായെന്ന് നിർവ്വഹണ ഉദ്യോഗസ്ഥർ മാരായ , ഐ.സി.ഡി.എസ്.,വെറ്ററിനറി,വി.ഇ.ഒ എന്നിവർ നിർവ്വഹണം നടത്തിയ പദ്ധതികളുടെ പരിശോധനയിൽ നിന്നും കാണാനായത്. ഒരു പദ്ധതിയുടെ നിർവ്വഹണത്തിലെ ഓരോ ഘട്ടത്തിലും അതിന്റെ ജയപരാജയങ്ങൾ സൂക്ഷ്മമായി വിലയിരുത്തേണ്ടത് അനിവാര്യമാണ്.13-02-09 ലെ 28/2009 നം സർക്കാർ ഉത്തരവിൽ മോണിറ്ററിംഗ് സംവിധാനം കാര്യക്ഷമവും ശക്തവുമാക്കി പദ്ധതികളുടെ നടത്തിപ്പ് സുഗമമാക്കാൻ മാർഗ്ഗരേഖ പുറപ്പെടുവിച്ചിട്ടുണ്ട് .എന്നാൽ മേൽ പറഞ്ഞിട്ടുള്ള നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പിലാക്കിയ പദ്ധതികളിൽ മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിച്ചതായി കാണുന്നില്ല. മോണിറ്ററിംഗ് സംവിധാനം കുറ്റമറ്റ രീതിയിൽ നടത്തുന്നതിനാവശ്യമായ നടപടികൾ കൈകൊള്ളേണ്ടതാണ്

## 1-13 പദ്ധതി ആസൂത്രണ നിർവ്വഹണ നടപടികൾ

(a) ആസൂത്രണ സമിതി, വർക്കിംഗ് ഗ്രൂപ്പ് രൂപീകരണം, വികസന രേഖ തയ്യാറാക്കൽ:

പതിമൂന്നാം പഞ്ചവത്സര പദ്ധതി വാർഷിക പദ്ധതി തയ്യാറാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ സർക്കാർ ഉത്തരവ് (എം എസ്)നം.72/2017/തസ്വഭവ തീയതി 29.03.2017 പഞ്ചായത്ത് ആസൂത്രണ സമിതി, വർക്കിംഗ് ഗ്രൂപ്പ് രൂപീകരണം, വികസന രേഖ തയ്യാറാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ സർക്കാർ ഉത്തരവ് എംഎസ് നം.10/2017/ തസ്വഭവ തീയതി 09.01.2017 പ്രകാരം അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിൽ ആദ്യ ഘട്ട പ്രവർത്തനങ്ങളായ ആസൂത്രണ സമിതി, വർക്കിംഗ് ഗ്രൂപ്പ് രൂപീകരണം, വികസനരേഖ തയ്യാറാക്കൽ എന്നിവ നിശ്ചിത സമയത്ത് ചെയ്തിട്ടില്ല.

| | രൂപീകരിക്കേണ്ടത് | രൂപീകരിച്ചത് |
|---|---|---|
| ആസൂത്രണ സമിതി & വർക്കിംഗ് ഗ്രൂപ്പ് രൂപീകരിക്കൽ | 16.01.2017-ന് മുൻപ് | 21.01.2017 |
| കരട് വികസന രേഖ തയ്യാറാക്കൽ | 31.01.2017 ന് മുൻപ് | 08.05.2017 |

വികസന രേഖയിൽ പന്ത്രണ്ടാം പഞ്ചവത്സര പദ്ധതി പ്രോജക്ടുകളുടെ നടത്തിപ്പ്, വർക്കിംഗ് ഗ്രൂപ്പ് വിലയിരുത്തലുകൾ എന്നിവ സംഗ്രഹിച്ച് എഴുതിയിട്ടില്ല.

(b) ഗ്രാമ സഭ -പദ്ധതി ആസൂത്രണ നിർവ്വഹണ നടപടികളുടെ പ്രധാന ഘടകമായ ഗ്രാമസഭ തൻ വർഷം 4 യോഗങ്ങൾ കൂടിയിട്ടുണ്ട് 4/17, 7/17, 11/17, 2/18 ഗ്രാമസഭകളിൽ താരതമ്യേന ജനപ്രാതിനിധ്യം ഉണ്ടായിട്ടുണ്ട്. ഭിന്നശേഷി വിഭാഗക്കാരുടെ പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിനും അവരുടെ വികസന പ്രവർത്തനങ്ങൾക്കുമായി പ്രത്യേക ഗ്രാമ സഭ ചേർന്നിട്ടുണ്ട്.

(c) വികസന സെമിനാർ - വികസന സെമിനാർ 12.04.2017 നാണ് രൂപീകരിച്ചത് 27.04.2017 ന് ഏക ദിന സെമിനാർ സംഘടിപ്പിച്ചിട്ടുണ്ട്. കരട് വികസന രേഖ പദ്ധതി രേഖ സംക്ഷിപ്തം, വർക്കിംഗ് ഗ്രൂപ്പ് നിർദ്ദേശങ്ങൾ ചർച്ച ചെയ്തിട്ടുണ്ട്.

(d) വാർഷിക പദ്ധതി അംഗീകാരം – വാർഷിക പദ്ധതികൾ (2017-18) 31.03.2017ന് മുൻപ് അംഗീകാരം നേടി 01.04.2017 മുതൽ നിർവ്വഹണം ആരംഭിക്കണമെന്ന നിർദ്ദേശമുണ്ടെങ്കിലും വാർഷിക പദ്ധതികൾ അംഗീകരിച്ചത് 08.05.2017 നാണ്.

| | |
|---|---|
| ആകെ പ്രോജക്ടുകൾ | 158 |
| പുതിയ പ്രോജക്ടുകൾ | 120 |
| സ്പിൽ ഓവർ പ്രോജക്ടുകൾ | 38 |

വികസന ഫണ്ട് – പൊതുവിഭാഗം, വികസന ഫണ്ട് – പട്ടികജാതി എന്നിവ 100% നിർവ്വഹണം നടത്തിയിട്ടുണ്ട് വായ്പ ബന്ധിത പ്രോജക്ടുകളുടെ വായ്പ സാദ്ധ്യതകളെക്കുറിച്ച് ചർച്ച ചെയ്യുന്നതിനായി ആസൂത്രണ സമിതിയുടേയും, വർക്കിംഗ് ഗ്രൂപ്പിന്റേയും നേതൃത്വത്തിൽ ലീഡ് ബാങ്ക് പ്രതിനിധികളുമായും അതാത് തലത്തിലെ ബാങ്കേഴ്സ് കമ്മിറ്റിയുമായും, സഹകരണ സംഘപ്രതിനിധികളുമായും ചർച്ച ചയ്തതിന്റെ അടിസ്ഥാനത്തിലായിരിക്കണം വായ്പ ബന്ധിത പ്രോജക്ടുകൾ തയ്യറാക്കേണ്ടതെന്ന് നിർദ്ദേശിച്ചിട്ടുണ്ടെങ്കിലും, വിവിധ പ്രോജക്ടുകളിൽ (ഉദാ: ഇരുചക്ര വാഹനം നൽകൽ, ഓട്ടോറിക്ഷ നൽകൽ ജൈവ വള യൂണിറ്റ്) ഇപ്രകാരം ചർച്ച നടത്തിയിട്ടില്ല. സ്പിൽ ഓവർ പ്രോജക്ടുകൾ ഉൾപ്പെടുത്തിയിട്ടുണ്ട്. ബഹുവർഷ പ്രോജക്ടുകൾ ഇല്ല.

ബ്ലോക്ക് പഞ്ചായത്തുമായി മാത്രം ചേർന്നാണ് സംയുക്ത പ്രോജക്ടുകൾ നടപ്പിലാക്കിയത്

(e) വാർഷിക പദ്ധതി രേഖ - വാർഷിക പദ്ധതി രേഖയിൽ മൂന്നാം അധ്യായമായ പ്രശ്ന വിശകലനവും പ്രശ്ന പരിഹാര സാധ്യതകളും ഉൾപ്പെടുത്തിയിട്ടില്ല വാർഷീക പദ്ധതി രേഖ യിൽ ,അധ്യായം 4ൽ - 2017-18 ൽ കൈവരിയ്ക്കുന്ന ലക്ഷ്യങ്ങൾ, പിന്നീടുള്ള 4 വർഷങ്ങളിൽ ആർജ്ജിക്കുന്നവ എന്നിവ പ്രത്യേകമായി ചേർത്തിട്ടില്ല

(f) പ്രോജക്ടുകൾ തയ്യാറാക്കൽ - പ്രാബല്യത്തിലുള്ള നിയമങ്ങളും ഉത്തരവുകളും മാർഗ്ഗനിർദ്ദേശങ്ങളും അവലംബിച്ചാണ് പ്രോജക്ടുകൾ തയ്യാറാക്കിയിട്ടുള്ളത് എന്നാൽ “ഇരുചക്രവാഹനം വാങ്ങൽ“ പദ്ധതിയിൽ പരിധിയിൽ കവിഞ്ഞ തുക ചെലവാക്കിയിട്ടുണ്ട്സ്പിൽ ഓവർ പ്രവത്തികൾ ,സ്പിൽ ഓവർ ആയ വർഷം നിർബന്ധമായും പൂർത്തീയാക്കണമെന്ന നിർദ്ദേശം പാലിച്ചിട്ടില്ല 38 സ്പിൽ ഓവർ പ്രവത്തികളിൽ 11എണ്ണം പൂർത്തിയാക്കിയിട്ടുണ്ട്.27 എണ്ണം ബാക്കിയുണ്ട് ബഹുവർഷപ്രോജക്ടുകൾ ഏറ്റെടുത്തിട്ടില്ല. വിദ്യാഭ്യാസ മേഖലയിൽ ബദ്ധപ്പെട്ട നിർവ്വഹണ ഉദ്യോഗസ്ഥൻ ഇല്ലാത്തതിനാൽ പ്രോജക്ട് നിർവ്വഹണം നടത്തിയിരിക്കുന്നത് സെക്രട്ടറിയാണെങ്കിലും പ്രസ്തുത പ്രോജക്ടിന് അംഗീകാരം നൽകേണ്ടത് വിദ്യാഭ്യാസവകുപ്പിലെ സീനിയർ ഉദ്യോഗസ്ഥനാണ്. എന്നാൽ അംഗീകാരം നൽകിയത് സീനിയർ സൂപ്രണ്ടാണ്.

(g) വർക്കിംഗ് ഗ്രൂപ്പ് - ആസൂത്രണസമിതിയുടെ നേതൃത്വത്തിൽ വർക്കിംഗ് ഗ്രൂപ്പ് ജനറൽ ബോഡി പുന: സംഘടിപ്പിച്ചിട്ടുണ്ട്. പഞ്ചായത്തിൽ 12 വർക്കിംഗ് ഗ്രൂപ്പുകൾ രൂപീകരിച്ചിട്ടുണ്ട്. വർക്കിംഗ് ഗ്രൂപ്പ് കമ്മിറ്റി കൺവീനറായി പ്രവർത്തിക്കുന്ന നിർവ്വഹണ ഉദ്യോഗസ്ഥനെ ഒഴിവാക്കിക്കൊണ്ട് മോണിറ്ററിംഗ് സമിതി രൂപീകരിച്ചിട്ടുണ്ടെങ്കിലും വർക്കിംഗ് ഗ്രൂപ്പുകൾ കൃത്യമായ മോണിറ്ററിംഗ് നടത്തിയിട്ടില്ല. വർക്കിംഗ് ഗ്രൂപ്പിൽ ബാങ്ക് പ്രതിനിധികളെ ഉൾപ്പെടുത്തിയിട്ടില്ല. വർക്കിംഗ് ഗ്രൂപ്പ് ഉപസമിതി രൂപീകരിച്ചിട്ടില്ല. വർക്കിംഗ് ഗ്രൂപ്പ് അംഗങ്ങളുടെ പട്ടിക വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

## ഭാഗം-2

## വരവ്വ കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 ഡി & ഒ ലൈസൻസ് - ഭേദഗതി ചട്ടപ്രകാരമുള്ള ലൈസൻസ് ഫീ ഈടാക്കാൻ നടപടി സ്വീകരിച്ചിട്ടില്ല.

ഗസറ്റ്നോട്ടിഫിക്കേഷൻവോള്യം6-2326(SRONO674/2017GO(P)NO.80/2017/LSGD തീയതി 31-10-2017 പ്രകാരം നിലവിലുള്ള ഡി & ഒ ലൈസൻസ് ചട്ടങ്ങളിൽ ഭേദഗതി വരുത്തിയിട്ടുണ്ട്. ഭേദഗതി ചട്ടങ്ങൾ പ്രകാരം വിറ്റുവരവിന്റെ അടിസ്ഥാനത്തിൽ ലൈസൻസ് ഫീസ് ഈടാക്കുന്നതിനു പകരം മൂലധനചെലവിന്റെ അടിസ്ഥാനത്തിൽ ലൈസൻസ് ഫീസ് ഈടാക്കുന്നതിന് നിഷ്കർഷിച്ചിട്ടുണ്ട്( മേൽ സർക്കാർ ഉത്തരവ് പട്ടിക II കാണുക).എന്നാൽ ഇപ്രകാരം ലൈസൻസ് ഫീസ് ഈടാക്കുന്നതിനുള്ള യാതൊരു നടപടിയും നാളിതുവരെയായും പഞ്ചായത്ത് സ്വീകരിച്ചിട്ടില്ല. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഇക്കാര്യത്തിൽ നടപടി സ്വീകരിക്കുന്നതിന് ശുപാർശ ചെയ്തതായും കാണുന്നില്ല. 1996 ലെ കേരള പഞ്ചായത്ത് രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) നിലവിൽ (ഫാക്ടറികൾക്കും കച്ചവടങ്ങൾക്കും സംരംഭ പ്രവർത്തനങ്ങൾക്കും മറ്റ്

സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ ചട്ടം 7 പ്രകാരം പട്ടിക II ൽ വിവരിക്കുന്ന നിരക്കുകളിൽ അധികരിക്കാത്ത തുക ഗ്രാമപഞ്ചായത്തിന് ചുമത്താവുന്നതാണ്.( കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 236 കൂടി കാണുക). ഇപ്രകാരം ബാധകമാവുന്ന യൂണിറ്റ് നിരക്ക് നിശ്ചയിച്ച് ലൈസൻസ് ഫീസ് ഈടാക്കുന്നതിനുള്ള സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-2 ഡി & ഒ ലൈസൻസ് യഥാസമയം പുതുക്കാത്തവരിൽ നിന്നും പിഴ ഈടാക്കുന്നില്ല.

1996 ലെ കേരള പഞ്ചായത്ത് രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) [നിലവിൽ (ഫാക്ടറികൾക്കും കച്ചവടങ്ങൾക്കും സംരംഭ പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ)] ചട്ടങ്ങളിലെ ചട്ടം 10 പ്രകാരം ലൈസൻസ് പുതുക്കുന്നതിനുള്ള അപേക്ഷ ഏതൊരു വർഷവും അവസാനിക്കുന്നതിനു 30 ദിവസത്തിനുള്ളിലായി സമർപ്പിക്കേണ്ടതാണെന്ന് നിഷ്കർഷിക്കുന്നുണ്ട്.എന്നാൽ പഞ്ചായത്തിൽ ഈ ആവശ്യത്തിലേക്കായി സമർപ്പിച്ച 469 അപേക്ഷകളിൽ 187 എണ്ണം മാത്രമാണ് യഥാസമയം ലൈസൻസ് പുതുക്കിയിട്ടുള്ളത്. ബാക്കിയുള്ളവ മേൽ സമയക്രമം പാലിച്ചിട്ടില്ല.ലൈസൻസ് യഥാസമയം പുതുക്കാത്തവരിൽ നിന്നും ലൈസൻസ് ഫീസിന്റെ 25% അധിക ഫീസ് ഈടാക്കികൊണ്ട് ലൈസൻസ് പുതുക്കിനൽകുകയാണ് ചെയ്തിരിക്കുന്നത്.എന്നാൽ ഇപ്രകാരം അധിക ഫീസ് ഈടാക്കി പുതുക്കേണ്ടത് മേൽ ചട്ടങ്ങളിലെ പട്ടിക III, പട്ടിക IV എന്നിവ പ്രകാരം ലൈസൻസ് ഫീസ് ഈടാക്കുന്ന സംഗതികളിൽ മാത്രമാണ്. ചട്ടം (19, 22 കാണുക). പട്ടിക II പ്രകാരം ലൈസൻസ് ഫീസ് ഈടാക്കുന്ന സ്ഥാപനങ്ങളിൽ നിന്നും ചട്ടം 26 പ്രകാരം ചട്ടം ലംഘിക്കുന്നതിനുള്ള പിഴ ഈടാക്കാവുന്നതാണ്.

മുഴുവൻ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ലഭ്യമാവുന്നുണ്ടോ എന്ന് ഉറപ്പു വരുത്തേണ്ടതാണ്

ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ 04-11-2017 ലെ യോഗത്തിൽ, തീരുമാനം നമ്പർ 125/2017 പ്രകാരം ഗ്രാമപഞ്ചായത്ത് പരിധിയിൽ നാമമാത്രമായ തുക തൊഴിൽ നികുതി അടക്കുന്ന പല സ്ഥാപനങ്ങളിലും യഥാർത്ഥത്തിൽ റിട്ടേൺ ഫോറത്തിൽ കാണിച്ച തൊഴിലാളികളുടെ എണ്ണത്തിലും കൂടുതൽ തൊഴിലാളികൾ ജോലി ചെയ്തു വരുന്നുണ്ടെന്നും ആയതിനനുസരിച്ച് തൊഴിൽ നികുതി ഈടാക്കാനുള്ള നടപടിക്കും ശുപാർശ ചെയ്തിട്ടുണ്ട്. യഥാർത്ഥത്തിൽ ലഭ്യമാവേണ്ട നികുതി പിരിച്ചെടുക്കുന്നതിനായി ഫീൽഡ്തല പരിശോധന നടത്തേണ്ടതാണ്. കൂടാതെ 1994 ലെ കേരള പഞ്ചായത്ത് ആക്ട് സെക്ഷൻ 205 (ബി) പ്രകാരം ഗാർഹികേതര ആവശ്യങ്ങൾക്കായി കെട്ടിടങ്ങൾ ഉപയോഗിക്കുന്നവരുടെ ലിസ്റ്റ് ആവശ്യപ്പെട്ടു കൊണ്ട് സെക്രട്ടറി കെട്ടിട ഉടമസ്ഥന് നോട്ടീസ് നൽകേണ്ടതും ഇപ്രകാരം മുഴുവൻ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തേണ്ടതുമാണ്.

2017-18 വർഷം ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള 9 റേഷൻ കടകളിൽ 4 റേഷൻ കടകളിൽ നിന്നു മാത്രമാണ് തൊഴിൽ നികുതി ഈടാക്കി കാണുന്നത്. ഇത് സംബന്ധിച്ച് നൽകിയ എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്ററിൽ ഉപയോഗത്തിന്റെ തരം തെറ്റായി രേഖപ്പെടുത്തിയതാണെന്നും അറിയിച്ചിട്ടുണ്ട്. ആയതിൽ കൃത്യത ഉറപ്പു വരുത്തുന്നതിനായി ഫീൽഡ് തല അന്വേഷണം നടത്തി നികുതി ഈടാക്കിയിട്ടില്ലെങ്കിൽ ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 തുക മുൻ കൂർ നൽകി - നാളിതുവരെയും മരുന്ന് ലഭ്യമായില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ : മെഡിക്കൽ ഓഫീസർ, ഹോമിയോ ഡിസ്പെൻസറി

പ്രോജക്ട് നമ്പർ : 70/17

പ്രോജക്ടിന്റെ പേര് : ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ

വകയിരുത്തിയ തുക : ₹ 200000 മെയിന്റനൻസ് ഫണ്ട് റോഡിതരം

ചെലവു തുക : ₹ 200000 ബിൽ നമ്പർ/തീയ്യതി: 1/17-18/13-11-2017

ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ എന്ന മേൽ പ്രോജക്ട് പ്രകാരം കേരള സ്റ്റേറ്റ് ഹോമിയോപ്പതിക് കോ-ഓപ്പറേറ്റീവ് ഫാർമസി, ആലപ്പുഴ എന്ന സ്ഥാപനത്തിന് 2,00,000/- നൽകിയിട്ടുണ്ട്. എന്നാൽ മരുന്നുകൾ ഇതുവരെയും ഡിസ്പെൻസറിക്ക് ലഭ്യമായിട്ടില്ല. മരുന്നുകൾ ലഭ്യമാക്കുന്നതിനുള്ള സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്.

### 3-2 പ്ലാസ്റ്റിക് ക്യാരി ബാഗ് ശേഖരിക്കലും റീസൈക്ലിക് യൂണിറ്റിൽ എത്തിക്കലും-പദ്ധതി നടപ്പിലാക്കിയിട്ടില്ല

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ |
| പ്രൊജക്ട് | പ്ലാസ്റ്റിക് ക്യാരി ബാഗ് ശേഖരിക്കലും റീസൈക്ലിക് യൂണിറ്റിൽ എത്തിക്കലും |
| പ്രൊജക്ട് നം. | 154/18 |
| അടങ്കൽ | 1,68,000/- തനത് ഫണ്ട് |
| ചെലവ് | ഇല്ല |

കേരള സംസ്ഥാനം പരിപൂർണ്ണമായ മാലിന്യമുക്തമാക്കുകയെന്ന ലക്ഷ്യം കൈവരിയ്ക്കുന്നതിന് എല്ലാ തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളുടെയും നേതൃത്വത്തിൽ ഊർജ്ജിതമായ ശ്രമം

ആരംഭിച്ചിട്ടുണ്ട്. അജൈവ മാലിന്യ സംസ്കരണത്തിനായി മാലിന്യത്തിന്റെ ഉത്പാദനം കുറയ്ക്കുക, പുനരുപയോഗിക്കുക ,പുന:ചംക്രമണത്തിന് വിധേയമാക്കുക എന്നീ തത്വങ്ങളുടെ അടിസ്ഥാനത്തിലുള്ള സീറോ വേസ്റ്റ് നടപ്പിലാക്കുന്നതിനായി രൂപീകരിച്ച പദ്ധതിയാണ് പ്ലാസ്റ്റിക് ക്യാരി ബാഗ് ശേഖരിക്കലും റീസൈക്ലിക് യൂണിറ്റിൽ എത്തിക്കലും. 2016-17 ൽ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. ആയതിന്റെ തുടർച്ചയായി രൂപീകരിച്ച ഈ പദ്ധതിയ്ക്ക് 2017-18 ലും അംഗീകാരം ലഭിച്ചിട്ടുണ്ടെങ്കിലും, 2017-18 ൽ ഈ പദ്ധതി നടപ്പിലാക്കിയിട്ടില്ല. നിലവിൽ ജനങ്ങളിൽ നിന്നും പിരിയ്ക്കുന്ന തുക(users fee ) അപര്യാപ്തമായതിനാൽ 4/2017 മുതൽ വളണ്ടിയർമാർക്ക് ഓണറേറിയം നൽകിയിട്ടില്ല - പദ്ധതിയിൽ വേണ്ടി വരുന്ന അധികം തുക ചെലവഴിക്കുന്നതിന് പതിമൂന്നാം പഞ്ചവത്സര പദ്ധതി ആദ്യ വാർഷിക പദ്ധതി തയ്യാറാക്കൽ മാർഗ്ഗനിർദ്ദേശം (സർക്കാർ ഉത്തരവ് (എംഎസ്)നം.72/2017/തസ്വഭവ തീയതി 29.03.2017) 12.12 പ്രകാരം നിർവ്വഹിക്കുവാൻ നിയന്ത്രണം ഉള്ളതിനാൽ 2017-18-ൽ പദ്ധതി നടപ്പിലാക്കിയിട്ടില്ല.ഈ പദ്ധതി തനത് ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കുന്നതിനായി പഞ്ചായത്ത് ഭരണസമിതിയുടെ 13.09.2017 ലെ 109.17(4)-ാം നമ്പർ യോഗതീരുമാന പ്രകാരം കോ ഓർഡിനേഷൻ കമ്മിറ്റിയോട് അപേക്ഷിക്കുന്നതിനായി തീരുമാനിച്ചിട്ടുണ്ട്. എന്നാൽ കോ ഓർഡിനേഷൻ കമ്മിറ്റി തീരുമാനം ലഭിക്കാത്തതിനാൽ പദ്ധതി നടപ്പിലാക്കിയിട്ടില്ല.

## 3-3 ഖരമാലിന്യ ശേഖരണവും നിർമ്മാർജ്ജനവും സംവിധാനവും ഒരുക്കൽ- പൂർത്തിയാകാത്തത്

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ |
| പ്രൊജക്ട് | ഖരമാലിന്യ ശേഖരണവും നിർമ്മാർജ്ജനവും സംവിധാനവും ഒരുക്കൽ |
| പ്രൊജക്ട് നം | 153/18 |
| അടങ്കൽ | 1,35,000 വികസന ഫണ്ട് (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) |
| ചെലവ് | 23,745 (ബിൽ നം. 6/08.03.2018)<br>73,112 (ബിൽ നം. 10/28.03.2018)<br>---------------<br>96,857 |
| എസ്റ്റിമേറ്റ് | 1,18,725 |

ഖരമാലിന്യ ശേഖരണവും നിർമ്മാർജ്ജനവും സംവിധാനമായ 'തുമ്പൂർമുഴി' പ്രോജക്ട് സ്ഥാപിക്കുവാൻ സംസ്ഥാന ശുചിത്വ മിഷനിൽ നിന്നും അംഗീകാരം ലഭിച്ചിട്ടുള്ള സ്ഥാപനമായ

സോഷ്യോ ഇക്കണോമിക് യൂണിറ്റ് ഫൗണ്ടേഷനെ ഏൽപ്പിച്ചിട്ടുണ്ട്.

S E U F നിർവ്വഹണ ഉദ്യോഗസ്ഥനുമായി കരാർ വച്ചത് പ്രകാരം 20% തുക മുൻകൂറായും, ബാക്കി തുക പ്രവൃത്തി പുരോഗമിക്കുന്ന മുറയ്ക്ക് 4 ഗഡുക്കളായും, പ്രവൃത്തി തീരുന്ന മുറയ്ക്ക് പൂർത്തീകരണ റിപ്പോർട്ട് ഹാജരാക്കി ബാക്കി പണം നൽകുവാനും 3 മാസത്തിനകം പ്രവൃത്തി പൂർത്തീകരിക്കാനായിട്ടുമാണ് കരാറിൽ എഗ്രിമെന്റ് രേഖപ്പെടുത്തിയത്. ഇതു വരെയായി 62% തുക നൽകി കഴിഞ്ഞു.

ചൊക്ലി വില്ലേജിലെ റവന്യൂ അധീനതയിലുള്ള മലിനമായിക്കിടക്കുന്ന പുറമ്പോക്ക് ഭൂമിയിലാണ് ഈ പ്രോജക്ടിനായി സ്ഥലം കണ്ടെത്തിയത്. “തുമ്പൂർമുഴി മോഡൽ” ഏറോബിക്ക് കമ്പോസ്റ്റ് സംവിധാനത്തിന്റെ നിർമ്മാണ പ്രവൃത്തി നടക്കുന്നതിനിടയിൽ ഈ പദ്ധതിക്കെതിരെ ചൊക്ലി പോലീസിൽ പരാതി വന്നതിനാൽ പ്രവൃത്തി നിർത്തി വെച്ചിരിക്കുകയാണ്.

